# മുദ്രയിടപ്പെട്ട പുസ്തകം (ഒന്നാം ഭാഗം) വെളിപാട് പഠനം56

പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റ

> അദ്ധ്യായം-5 വാക്യം. 5: 1, 2 “ഞാന് സിംഹാസനത്തില് ഇരിക്കുന്നവന്റെ വലങ്കയ്യില് അകത്തും പുറത്തും എഴുത്തുള്ളതായി ഏഴുമുദ്രയാല് മുദ്രയിട്ടൊരു പുസ്തകം കണ്ടു. ആ പുസ്തകം തുറപ്പാനും അതിന്റെ മുദ്രപൊട്ടിക്കാനും യോഗ്യന് ആരുള്ളൂ എന്ന് അത്യുച്ചത്തില് ഘോഷിക്കുന്ന ശക്തനായോരു ദുതനെയും കണ്ടു.

ഇവിടെ സിംഹാസനത്തില് ഇരിക്കുന്നത് പിതാവാം ദൈവമാണ്. പിതാവാം ദൈവത്തിന്റെ വലംകൈയ്യില് ഒരു പുസ്തകം പിടിച്ചിരിക്കുന്നു. ദൈവത്തിന്റെ ഇരുകരങ്ങളും തമ്മില് വ്യത്യാസമുള്ളതായി പറയാനാവില്ലെങ്കിലും പുസ്തകം വലകൈയ്യില് പിടിച്ചിരിക്കുന്നതിനാല് ആ പുസ്തകം വിലയേറിയതായി മനസ്സിലാക്കാം. ഈ പുസ്തകത്തിനു മൂന്ന് പ്രത്യേകതകള് ഉണ്ട്. ഒന്ന്, സിംഹാസനസ്ഥന്റെ വലംകൈയ്യില് ആണിരിക്കുന്നത്. രണ്ട്, അകത്തും പുറത്തും എഴുത്തുള്ളതാണിത്. മൂന്ന്, ഇത് ഏഴു മുദ്രയാല് മുദ്രയിടപ്പെട്ട പുസ്തകമാണ്. 6-ാം അദ്ധ്യായം മുതല് 8-ാം അദ്ധ്യായത്തിന്റെ പ്രാരംഭം വരെ മുദ്രകള് പൊട്ടിക്കുന്നതിനെ സംബന്ധിച്ചുള്ള വിശദീകരണങ്ങളാണ്. ഇവിടുത്തെ മുദ്ര സ്വര്ഗ്ഗീയ ഗവണ്മെന്റിന്റെ അധികാരത്തെ കാണിക്കുന്നു. നിശ്ചയിക്കപ്പെട്ട കാലയളവോളം പൊട്ടിക്കുവാന് പാടില്ലാത്ത മുദ്രയാണ് ഇവിടെ കാണുന്നത്. ഇതില് രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകള് ദൈവത്തിനല്ലാതെ മറ്റാര്ക്കും അറിയുവാന് അനുവാദമില്ലാത്ത രഹസ്യങ്ങള് അടങ്ങിയവ ആയിരുന്നു. അത് ദൈവം വെളിപ്പെടുത്തുമ്പോള് മാത്രമേ മനുഷ്യന് മനസ്സിലാക്കുവാന് കഴിയുകയുള്ളൂ. “ഈ വചനം അന്ത്യകാലത്തേക്ക് അടച്ചും മുദ്രയിട്ടുമിരിക്കുന്നു” ദാനി. 12: 9. എ.ഡി. 96-ല് യോഹന്നാന് ഇത് വെളിപ്പെടുത്തി നമുക്ക് മനസ്സിലാക്കി തന്നിരിക്കുന്നു. ആകയാല് ഈ പുസ്തകം എന്താണെന്ന് നമുക്ക് പരിശോധിക്കാം. മനുഷ്യവര്ഗ്ഗത്തിന്റെയും ഈ ഭൂമിയുടെയും വീണ്ടെടുപ്പാണ് ഇതിലെ പ്രധാന വിഷയം. ഓരോ മുദ്രയും പൊട്ടിക്കുമ്പോഴും പുസ്തകത്തിന്റെ അനന്തര സംഭവങ്ങള് ഉള്ളടക്കം തുറക്കപ്പെടുന്നു.

ആ പുസ്തകം തുറപ്പാനും അതിന്റെ മുദ്രപൊട്ടിപ്പാനും യോഗ്യന് ആരുള്ളൂ എന്ന് അത്യുച്ചത്തില് ഘോഷിക്കുന്ന ശക്തനായ ഒരു ദൂതനെ കണ്ടു. സ്വര്ഗ്ഗത്തിലാകട്ടെ ഭൂമിയിലാകട്ടെ ഭൂമിക്ക് കീഴിലാകട്ടെ അതിന് യോഗ്യനായി ആരെയും കണ്ടില്ല. തന്നിമിത്തം യോഹന്നാന് ഏറ്റവും കരഞ്ഞു. തക്കതായ കാരണം കൂടാതെ യോഹന്നാന് കരയില്ല. പ്രസ്തുത പുസ്തകം എന്തെന്നു നാം ഗ്രഹിക്കുമ്പോള് യോഹന്നാന്റെ കരച്ചിലിന്റെ കാരണം മനസ്സിലാകും. ആ പുസ്തം വാങ്ങുവാന് അറുക്കപ്പെട്ട കുഞ്ഞാടു മാത്രമേ യോഗ്യനായി ഉണ്ടായിരുന്നുള്ളൂ. കുഞ്ഞാടു പുസ്തകം വാങ്ങിയപ്പോള് ഇരുപത്തിനാലു മൂപ്പന്മാര് പാടിയ ഗീതം വീണ്ടെടുപ്പിനെക്കുറിച്ചാണ്. 24 മൂപ്പന്മാര് പാടിയ പലഗീതങ്ങള്

വെളിപ്പാടിലുണ്ട്.

എന്നാല് കുഞ്ഞാടു പുസ്തകം വാങ്ങിയ ആ പ്രത്യേക സന്ദര്ഭത്തില് അവര് വീണ്ടെടുപ്പിനെക്കുറിച്ച് പാടിയതിനാല് ആ പുസ്തകം വീണ്ടെടുപ്പ് വിഷയമായ ഒന്നാണെന്ന് വ്യക്തമാക്കുന്നു. നഷ്ടപ്പെട്ടു പോയതിനെയാണ് വീണ്ടെടുക്കേണ്ടത്. എഫേസ്യര് 1: 9ല് ‘‘സ്വര്ഗ്ഗത്തിലും ഭൂമിയിലും ഉള്ളത് എല്ലാം പിന്നെയും ക്രിസ്തുവില് ഒന്നായി ചേര്ക്കുന്ന ഒരു മര്മ്മം പൌലൂസ് പറയുന്നതായി കാണാം. എഫേ. 1: 13, 14 ഈ വാക്യങ്ങള് വായിക്കുമ്പോള് അതിന്റെ 14-ാം വാക്യത്തില് വീണ്ടെടുക്കപ്പെടുവാനുള്ള അവകാശത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഇംഗ്ലീഷില് അത് വായിക്കുമ്പോള് കുറെക്കൂടെ വ്യക്തമാണ്. അതിനാല് വീണ്ടെടുപ്പ് നമുക്ക് മാത്രമല്ല, പിന്നെയോ നമ്മുടെ അവകാശത്തിനുവേണ്ടിയും കൂടെ ആണ്. സ്വര്ഗ്ഗത്തിലോ ഭൂമിയിലോ ക്രിസ്തുവിനുള്ളതെന്തെല്ലാമോ അതെല്ലാം നമ്മുടെ അവകാശമത്രെ. എന്നാല് വീണ്ടെടുക്കുവാനുള്ള നമ്മുടെ അവകാശം ഈ ഭൂതലം തന്നെ. നമ്മുടെ നഷ്ടപ്പെട്ടുപോയ അവകാശം ഈ ഭൂമിയത്രെ.

അപ്പോസ്തലനായ യോഹന്നാന് പിതാവാം ദൈവത്തിന്റെ വലങ്കയ്യില് ഒരു പുസ്തകം അഥവാ ഒരു ചുരുള് പിടിച്ചിരിക്കുന്നതായി നാം കാണുന്നു. ചുരുള് നിവര്ത്തിയാല് മാത്രമേ അത് വായിക്കുവാന് കഴിയുകയുള്ളൂ. ചുരുള് എന്തിന്റെ പ്രതീകമാണെന്ന് അറിയണമെന്നുണ്ടെങ്കില് നാം ലേവ്യപുസ്തകം 25: 24, 25 ഈ ഭാഗങ്ങള് വായിക്കുക. നിങ്ങളുടെ അവകാശമായ ദേശത്തൊക്കെയും നിലത്തിനു വീണ്ടെടുപ്പ് സമ്മതിക്കേണം. നിന്റെ സഹോദരന് ദരിദ്രനായിത്തീര്ന്നു തന്റെ അവകാശത്തില് ഏതാനും വിറ്റാല് അവന്റെ അടുത്ത ചാര്ച്ചക്കാരന് വന്നു സഹോദരന് വിറ്റതു വീണ്ടുകൊള്ളേണം. ഒരുവന് ദരിദ്രനായിത്തീര്ന്നു തന്റെ അവകാശം നിലം വില്ക്കാന് മുതിര്ന്നാല് അവന്റെ അടുത്ത ബന്ധു അവനുവേണ്ടി അത് വാങ്ങേണം എന്നൊരു നിയമം യിസ്രയേലില് ഉണ്ടായിരുന്നു. അത് നിലത്തിന്റെ വീണ്ടെടുപ്പ് എന്നാണ് അറിയപ്പെട്ടിരുന്നത്. ഇത് നമുക്ക് പ്രസക്തമായിരിക്കുന്നത് എങ്ങനെയാണെന്ന് ചിന്തിക്കാം.

ആദാമില് ദൈവം ഈ മുഴുവന് ഭൂമിയും നല്കി. ‘‘നിങ്ങള് സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയില് നിറഞ്ഞു അതിനെ കീഴടക്കി അതിന്മേല് വാഴുവിന്’’ എന്നിങ്ങനെ ദൈവം മനുഷ്യനോടു കല്പ്പിച്ചു. ഉല്പത്തി. 1: 26, ഈ ഭൂമിയെ ഭരിക്കുവാനും കീഴടക്കുവാനും അവനോട് കല്പ്പിച്ചു. എന്നാല് ആദാം അതനുസരിക്കാതെ ദരിദ്രനായിത്തീര്ന്നു. സാത്താന്റെ തന്ത്രപ്രയോഗത്താല് ആദാം വീഴ്ചയിലകപ്പെടുകയും അങ്ങനെ മനുഷ്യവര്ഗ്ഗം സാത്താന് അടിമയായിത്തീരുകയും ചെയ്തു. മാത്രമല്ല അവന്റെ അവകാശ വസ്തുവായ ഈ ഭൂമിയും സാത്താന്റെ കൈവശമായിപ്പോയി. ആദാം വീഴ്ചയിലകപ്പെട്ടപ്പോള് ‘‘നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. ’’ ഉല്പ. 3: 17 എന്ന് യഹോവ അരുളിച്ചെയ്തു. അങ്ങനെ ഈ ഭൂമിയിലെ സൃഷ്ടിയെല്ലാം ദ്രവത്വത്തിന്റെ

ദാസ്യത്തിലായിത്തീര്ന്നുപോയി. റോമ. 8:20.

സാത്താന് യേശുവിനെ പരീക്ഷിച്ചപ്പോള് ഈ ലോകത്തിന്റെ മഹത്വം മുഴുവന് അവന് കര്ത്താവിനെ കാണിച്ചശേഷം ഇങ്ങനെ പറഞ്ഞു: ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കു തരാം. അത് എങ്കല് ഏല്പ്പിച്ചിരിക്കുന്നു. ലൂക്കോ. 4: 6. ആരാണ് അത് അവന്റെ കയ്യില് ഏല്പ്പിച്ചത്? ആദാം.

‘‘അത് എങ്കല് ഏല്പ്പിച്ചിരിക്കുന്നു’’ എന്ന് സാത്താന് പറഞ്ഞതിനോട് നമ്മുടെ കര്ത്താവ് എതിര്ത്തില്ല. അവനെ ആരാധിക്കണമെന്നു പറഞ്ഞ കാര്യത്തോടു മാത്രമേ എതിര്പ്പുള്ളൂ. ഇവയെല്ലാം അവന്റെ കൈവശത്തിലാണെന്നു കര്ത്താവ് അറിയുന്നതിനാലത്ര അവന്റെ ആ പ്രസ്താവനയെ പ്രതിഷേധിക്കാതിരുന്നത്. അത് നിമിത്തമാണ് കര്ത്താവ് അവനെ ‘‘ ഈ ലോകത്തിന്റെ പ്രഭു ’’ എന്നു വിളിച്ചിരിക്കുന്നത്. യോഹ. 12: 31. ആദാം സാത്താനെ ഏല്പ്പിച്ച ഈ ഭൂമിയെ ഇനി വീണ്ടെടുക്കേണ്ടതുണ്ട്.

ലേവ്യ. 25: 25-ല് അടുത്ത ചാര്ച്ചക്കാരന് മാത്രമേ അത് വീണ്ടുടുക്കാവൂ എന്നാണ്. അതുകൊണ്ടാണ് യേശു ഒരു മനുഷ്യനായി വന്നത്. ഇങ്ങനെ മാത്രമേ അവിടുത്തേയ്ക്ക് നമ്മുടെ ചാര്ച്ചക്കാരനും വീണ്ടെടുപ്പുകാരനും ആയിത്തീര്ന്ന് നമ്മെയും ഈ ഭൂമിയേയും വീണ്ടെടുത്ത് ദൈവത്തെ ഏല്പ്പിക്കുവാന് കഴിയുമായിരുന്നുള്ളൂ. ആദാമ്യ കുടുംബം സാത്താന്റെ ദാസ്യത്വത്തിലും ആദാമ്യ അവകാശം സാത്താന്റെ കൈവശത്തിലും അന്യാധീനപ്പെട്ടുപോയി. വീണ്ടെടുക്കാന് അവന് പ്രാപ്തിയില്ലാതെ അവന് ദരിദ്രനായി തീര്ന്നു. ആകയാല് നമ്മുടെ കര്ത്താവ് വീണ്ടെടുപ്പാനയി അടുത്ത ചാര്ച്ചക്കാരനായി ഈ ഭൂമിയില് മനുഷ്യനായി വന്നു.

യിര. 32: 6-9-ല് ഈ നിയമപ്രകാരം യിരമ്യാവ് തന്റെ ബന്ധുവിന്റെ ഒരു നിലം വാങ്ങുന്നതിനെക്കുറിച്ച് വായിക്കുന്നു. അവന് പണം കൊടുത്തു. ആധാരത്തില് ഒപ്പിട്ടു. തുടര്ന്ന് ആധാരച്ചുരുള് ചുരുട്ടി മുദ്രവയ്ക്കുന്നു. യിര. 32: 10.

വെളിപ്പാട് അഞ്ചാം അദ്ധ്യായത്തിലും വായിക്കുന്നത് ഇത്തരം ഒരു ചുരുളിനെക്കുറിച്ചാണ്. ഭൂമിയുടെ ആധാരപത്രം ദൂതന് ചോദിക്കുന്നു അതിനെ വീണ്ടെടുക്കുവാന് ആരാണ് യോഗ്യന്? ഇത്തരം വീണ്ടെടുപ്പിന്റെ മറ്റൊരു ചിത്രം രൂത്തിന്റെ പുസ്തകത്തില് കാണാം. മോവാബില് വച്ച് ഒരു യഹൂദനെ വിവാഹം ചെയ്ത് ഒരു ജാതീയ സ്ത്രീയായിരുന്നു രൂത്ത്. ഭര്ത്താവ് മരിച്ചപ്പോള് അവള് തന്റെ അമ്മാവിയമ്മയായ നവോമിയോടൊത്ത് യിസ്രയേലിലേക്ക് വന്നു. അവര് ഇരുവരും ദരിദ്രനായിരുന്നു. അതുകൊണ്ട് രൂത്തിന്റെ പരേതനായ ഭര്ത്താവിന്റെ അവകാശം ആരെങ്കിലും വീണ്ടെടുക്കേണ്ടതുണ്ടായിരുന്നു. അടുത്ത ചാര്ച്ചക്കാരനായിരുന്നു ബോവസിനായിരുന്നു അത് വീണ്ടെടുക്കാന് കഴിയുമായിരുന്നത്. അതുകൊണ്ട് രൂത്ത് ബോവാസിനോട് ചോദിക്കുന്നു.

എനിക്കുവേണ്ടി അത് വീണ്ടെടുക്കുവാന് അങ്ങേയ്ക്കു കഴിയുമോ?

ഒരു മനുഷ്യന്, ഭാര്യയെ അനാഥയാക്കി മരിച്ചുപോയാല് തന്റെ സഹോദരന് അവളെ വീണ്ടെക്കണമെന്നും നിയമം ഉണ്ടായിരുന്നു. ആവ. 25: 8-10. അതുകൊണ്ട് ബോവസ് നിലം വീണ്ടുക്കാനും രുത്തിനെ വിവാഹം കഴിപ്പാനും ബാദ്ധ്യസ്ഥനായിരുന്നു. "എന്നാല് രൂത്ത് തന്നെ സമീപിച്ചപ്പോള് ബോവാസ് പറഞ്ഞു. എന്നെക്കാള് അടുത്ത ഒരു ചാര്ച്ചക്കാരന് നിങ്ങള്ക്കായി നിങ്ങള്ക്കുണ്ട്. ആദ്യം അവനോട് നമുക്ക് ഇക്കാര്യം ചോദിക്കാം. അവന് നിലം വീണ്ടെക്കാനും നിന്നെ വിവാഹം ചെയ്യാനും തയ്യാറായില്ലെങ്കില് ഞാന് അത് ചെയ്യാം." രൂത്ത്. 3: 12, 13. അങ്ങനെ ബോവസ് മറ്റെ ചാര്ച്ചക്കാരനോട് ഇക്കാര്യം പറഞ്ഞു. അവന് വിസമ്മതിച്ചു. ഒടുവില് ബോവാസ് തന്നെ രൂത്തിനെ വീണ്ടെടുത്തു. ദരിദ്രയും വീണ്ടെടുപ്പു വേണ്ടവളുമായ രൂത്ത് സഭയ്ക്ക് നിഴലാണ്. ആദ്യത്തെ ചാര്ച്ചക്കാരന്, അഥവാ ന്യായപ്രമാണത്തിന് നമ്മെ വീണ്ടെടുക്കുവാന് കഴിഞ്ഞില്ല. അപ്പോള് ബോവസിനെ പ്രതിനിധാനം ചെയ്യുന്ന ക്രിസ്തു നമ്മെ വീണ്ടെടുക്കുകയാണ്. "സഹോദരന്മാരെ നിങ്ങള് മരിച്ചിട്ട് ഉയര്ത്തെഴുന്നേറ്റവന് ആകേണ്ടതിന് ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു." റോമ. 7: 4.

വാക്യം. 5: 3-5. പുസ്തകം തുറപ്പാനോ, നോക്കുവാനോ സ്വര്ഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ആര്ക്കും കഴിഞ്ഞില്ല. പുസ്തകം തുറന്നു വായിപ്പാനെങ്കിലും അത് നോക്കുവാനെങ്കിലും യോഗ്യനായി ആരെയും കാണായ്കകൊണ്ട് ഞാന് ഏറ്റവും കരഞ്ഞു. അപ്പോള് മൂപ്പന്മാരില് ഒരുത്തന് എന്നോട്: കരയേണ്ട, യഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവന് പുസ്തകവും അതിന്റെ ഏഴു മുദ്രയും തുറപ്പാന് തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്ന് പറഞ്ഞു.

മനുഷ്യന് നഷ്ടമാക്കിയ ഭൂമിയെ വീണ്ടെടുപ്പാന് ആരെയും കണ്ടില്ല. ഈ പുസ്തകവും അതിന്റെ മുദ്രയും തുറപ്പാന് യോഗ്യതയുള്ളവരായി ആരും ഇല്ല. ന്യായപ്രമാണത്തിനും കഴിഞ്ഞില്ല. ആരേയും കാണാത്തതിനാല് യോഹന്നാന് കരഞ്ഞു. ഈ മനുഷ്യനെയോ മനുഷ്യന്റെ നഷ്ടപ്പെട്ട സ്വത്തുക്കളെയോ വീണ്ടെടുപ്പാന് ഒരു ചാര്ച്ചക്കാരനും ഇല്ല. അപ്പോഴിതാ മൂപ്പന്മാരില് ഒരുവന് പറയുന്നു. "കരയേണ്ട, യഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവന് യോഗ്യനാണ്." യേശു ദാവീദിന്റെ വേരുമായവന്, ദാവീദിന്റെ വംശവുമായി മാറി. വെളി. 22: 16. യേശു മനുഷ്യനായി വന്ന് നമ്മുടെ അടുത്ത ചാര്ച്ചക്കാരനായിത്തീര്ന്ന് നമ്മേയും ഈ ഭൂമിയേയും വീണ്ടെടുപ്പാന് കാല്വറിയില് മരിച്ചു. അവിടുന്ന് മനുഷ്യനായി വന്നിരുന്നില്ലെങ്കില് നമ്മുടെ ഏറ്റവും അടുത്ത ചാര്ച്ചക്കാരനായി തീരുവാന് കഴിയുമായിരുന്നില്ല. അതുകൊണ്ടാണ് യേശു ദാവീദിന്റെ സന്തതിയായി ജനിച്ചു എന്ന സത്യമാണ് സുവിശേഷത്തിന്റെ ഏറ്റവും ആവശ്യ ഘടകമെന്ന് പൗലൂസ് പറയുന്നത്. റോമ. 1: 5; 2 തിമോ. 2: 8. അതുകൊണ്ടാണ് യേശു യോഗ്യനായിത്തീര്ന്നതും 24 മൂപ്പന്മാര്

അവിടുത്തേയ്ക്ക് ഒരു പുതിയ പാട്ടുപാടിയതായി തുടര്ന്നുള്ള ഭാഗങ്ങളില് നാം കാണുന്നതും.

വാക്യം. 5: 6, 7 "ഞാന് സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നില്ക്കുന്നതു കണ്ടു. അതിന് ഏഴു കൊമ്പും സര്വ്വഭൂമിയിലേയും അയച്ചിരിക്കുന്ന ഏഴു ദൈവാത്മാക്കള് ആയ ഏഴു കണ്ണും ഉണ്ട്. അവന് വന്ന് സിംഹാസനത്തില് ഇരിക്കുന്നവന്റെ വലങ്കയ്യില് നിന്നു പുസ്തകം വാങ്ങി. "

കരഞ്ഞുകൊണ്ടിരുന്ന യോഹന്നാനോട് യഹൂദ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവന് പുസ്തകവും അതിന്റെ മുദ്രയും തുറപ്പാന് തക്കവണ്ണം ജയം പ്രാപിച്ചിരിക്കുന്നു എന്ന് കേട്ടപ്പോള് താന് ആശ്വസിച്ചു. യഹൂദാ ഗോത്രത്തിലെ സിംഹത്തെ കാണുവാന് അവന് അവിടേയ്ക്ക് നോക്കി. എന്നാലോ ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ അവിടെ നില്ക്കുന്നതാണ് അവന് കണ്ടത്. അതുവരെയും പിതാവിനോടുകൂടെ സിംഹാസനത്തില് ഇരുന്നിരുന്ന നമ്മുടെ കര്ത്താവ് അറുക്കപ്പെട്ട കുഞ്ഞാടായി അവിടെ പ്രത്യക്ഷപ്പെടുന്നു. താനാണ് ഈ അവകാശപത്രം ലഭിക്കുവാന് വേണ്ടി കാല്വറിയില് വീണ്ടെടുപ്പുവില കൊടുത്ത ആള് എന്ന് കാണിക്കയത്രെ. അറുക്കപ്പെട്ട കുഞ്ഞാടിനുമാത്രമേ മുദ്രകള് തുറക്കുവാന് അധികാരമുള്ളൂ എന്ന ആശയം ഇവിടെ വീണ്ടും സുവ്യക്തമാകുന്നു. കുഞ്ഞാട് എന്ന വാക്ക് തുടര്ന്നും കാണാം. 5: 8, 12, 13; 6: 1, 16; 7:9, 10, 14, 17; 12: 11; 14: 1, 4; 15: 3; 17: 14; 19: 7, 9; 21: 14, 22, 23, 27; 22: 1, 3. കൂടാതെ യോഹ. 1: 29ലും കാണുന്നു.

അറുക്കപ്പെട്ടതുപോലെ സിംഹാസനത്തിനും മൂപ്പന്മാര്ക്കും ജീവികള്ക്കും നടുവില് നില്ക്കുന്ന കൂഞ്ഞാട്. ക്രൂശില് ഏറ്റതായ മുറിവുകളുടെ ഒരു ദൃശ്യം തന്നില് അപ്പോഴും ഉള്ളതായിട്ടാണ് ഇവിടുത്തെ വിശദീകരണം. പുനരുത്ഥാന ശരീരം ആണിപ്പഴുതുകളോടുകൂടെത്തന്നെ ആയിരുന്നതായും തോമസിനോട് തന്റെ ആണിപ്പഴുതില് വിരല് കടത്തി നോക്കി വിശ്വസിപ്പിക്കുവാന് പറഞ്ഞതായും നാം വായിക്കുന്നു. യോഹ. 20: 25, 27, ഭാവിയില് വിശുദ്ധജനം കര്ത്താവിന്റെ ആണിപ്പാടുകള് നേരില് ദര്ശിക്കുമ്പോള് കൂടുതലായി തങ്ങള്ക്ക് ലഭിച്ചിരിക്കുന്ന രക്ഷയുടെ വിലയെക്കുറിച്ച് വിലയിരുത്തുവാനും സ്തുതികള് കരേറ്റുവാനും ആ കാഴ്ച കാരണമായിത്തീരുന്നു.

കുഞ്ഞാടിന്റെ ഏഴുകൊമ്പുകള് സകല അധികാരത്തെയും കുറിക്കുന്നു. ഏഴ്, പൂര്ണ്ണമായ സംഖ്യയാണ്. കൊമ്പുകളുടെ അധികാരവും ശക്തിയും, സ്വര്ഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും നമ്മുടെ കര്ത്താവില് നല്കപ്പെട്ടിരിക്കുന്നു. മത്താ. 28: 18. ഏഴ് കണ്ണ് പൂര്ണ്ണമായ കാഴ്ച്ചയെ കാണിക്കുന്നു. ഏഴു കണ്ണ് ഏഴു ദൈവാത്മാക്കള് ആണ് എന്നത് സര്വ്വജ്ഞാനത്തെ പരിശുദ്ധാത്മാവിനോട് ബന്ധിപ്പിക്കുന്നു. ദൈവത്തിന്റെ ആത്മാവും ക്രിസ്തുവിന്റെ ആത്മാവും ഒന്നായി റോമ. 8: 9-ല് പറഞ്ഞിരിക്കുന്നു. പ്രവൃത്തി. 16: 6, 7-ല് പരിശുദ്ധ്തമാവിനെ

യേശുവിന്റെ ആത്മാവായി പറഞ്ഞിരിക്കുന്നു. പരിശുദ്ധ്ത്മാവിന്റെ സര്വ്വജ്ഞാനവും ക്രിസ്തുവിന്റെ സര്വ്വജ്ഞാനവും ഒന്നുതന്നെ ആണ്. കുഞ്ഞാട്, കണ്ണ്, കൊമ്പ് ഇവ രൂപക പ്രയോഗങ്ങളാണ്. കുഞ്ഞാട് നില്ക്കുന്നതായിട്ടാണ് കണ്ടത്. 3: 21-ലും പ്രവൃത്തി. 2: 35-ലും അവന് വീണ്ടെടുപ്പ് നിവര്ത്തിച്ച ശേഷം ഇരിക്കുന്നതായി കാണപ്പെടുന്നു. പ്രത്യേക പ്രവൃത്തിക്കുള്ള ഒരുക്കത്തെ ആണ് നില്പ്പ് കാണിക്കുന്നത്. പൂസ്തകം വാങ്ങുവാന് അവന് തയ്യാറായി നില്ക്കുന്നു. പ്രവൃത്തി. 7: 55-ല് നില്ക്കുന്നത് സ്തേഫാനോസിനെ സ്വീകരിക്കുവാനുള്ള തയ്യാറെടുപ്പോടെയാണ്. അവന് വന്ന് സിംഹാസനത്തില് ഇരിക്കുന്നവന്റെ വലങ്കൈയ്യില് നിന്നും പുസ്തകം വാങ്ങി. വലങ്കൈ എന്നത് 1: 16-ലും 5: 1-ലും കാണുന്നു. ആ അധികാരം ശ്രദ്ധിക്കുക. പിതാവിന്റെ അടുക്കലേക്ക് നേരെ ചെന്ന് അവിടുത്തെ കയ്യില് നിന്നു തന്നെ പുസ്തകം വാങ്ങുക. ആര്ക്ക് ഇത് ചെയ്യുവാന് കഴിയും. നമ്മുടെ കര്ത്താവും രക്ഷിതാവുമായ യേശുവിന് മാത്രം.

ദൈവത്തില് മൂന്ന് ആളത്വങ്ങള് ഉണ്ട്. അതുകൊണ്ടാണ് നമുക്ക് ഒരു മദ്ധ്യസ്ഥന് ഉള്ളത്. 1.തിമോ. 2: 5. പിതാവ് സിംഹാസനത്തില് ഇരിക്കുന്നു. യേശു വന്ന് പിതാവിന്റെ കയ്യില് നിന്ന് പുസ്തകം വാങ്ങുന്നു. തനിക്ക് അതിനുള്ള അവകാശമുണ്ടെന്നാണ് അത് തെളിയിക്കുന്നത്. ദൈവത്തിനും മനുഷ്യര്ക്കും മദ്ധ്യേ നില്ക്കുന്ന ഒരേയൊരു മദ്ധ്യസ്ഥന് എന്ന നിലയില്. പുസ്തകച്ചുരുളിനെക്കുറിച്ച് യെഹെ. 2: 9, 10 ഈ വാക്യങ്ങളില് നാം കൂടുതല് കാര്യങ്ങള് കാണുന്നു. ഒരു പുസ്തകച്ചുരുള്... അതില് അകത്തും പുറത്തും എഴുത്തുണ്ടായിരുന്നു. വിലാപങ്ങളും സങ്കടവും കഷ്ടവും അതില് എഴുതിയിരുന്നു. ധാരാളം ന്യായവിധികളാണ് ആ പുസ്തകച്ചുരുളില് എഴുതിയിരിക്കുന്നത്. സെഖര്യാവും ഒരു ചുരുള് ദര്ശനത്തില് കണ്ടു. ദൈവകല്പന ആളുകള് അനുസരിക്കാതിരുന്നതുകൊണ്ട് ദൈവത്തിന്റെ ശാപം സര്വ്വദേശത്തിലേക്കും പുറപ്പെടുന്നതിനെയാണ് അത് കുറിക്കുന്നത്. സെഖ. 5: 1-3. ഏഴു മുദ്രകള് ഒന്നൊന്നായി പൊട്ടിക്കുമ്പോള് ദൈവകല്പ്പനകളെ ലംഘിച്ചതിനുള്ള ശിക്ഷ മനുഷ്യരുടെമേല് പതിക്കുന്നത് നമുക്ക് കാണുവാന് കഴിയും. അതുകൊണ്ട് ‘‘ഈ പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിക്കാനും യോഗ്യന് ആരുള്ളൂ?’’ എന്ന ചോദ്യത്തെ (വാക്യം. 2) ദൈവകല്പനകളെ ലംഘിച്ച മനുഷ്യരാശിയുടെ മേല് ശിക്ഷാവിധി നടത്താന് ആരാണ് യോഗ്യന് എന്ന ചോദ്യമായി കാണേണ്ടിയിരിക്കുന്നു.

വ്യഭിചാരത്തില് പിടിക്കപ്പെട്ട സ്ത്രീയെ പരീശന്മാര് യേശുവിന്റെ സമീപം കൊണ്ടു ചെന്നപ്പോള്, യേശു അവരോട് ഇവളെ കല്ലെറിയുവാന് ആരാണ് യോഗ്യന് എന്ന് ഏറെക്കുറെ സമാനമായ ഒരു ചോദ്യം ചോദിച്ചു. യോഹ. 8: 1-12. അവളെ കല്ലെറിയുവാന് പാപരഹിതനായ യേശു മാത്രമായിരുന്നു യോഗ്യന്. പക്ഷെ യേശു അത് ചെയ്തില്ല. ‘‘ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല’’ എന്ന് യേശു പറഞ്ഞു. അന്ന് കൃപായുഗത്തിന്റെ തുടക്കം കുറിക്കുവാനാണ് യേശു വന്നത്. ഇന്ന്

കൃപായുഗം തീരാറായിരിക്കുന്നു. ഈ ലോകത്തെ ന്യായം വിധിപ്പാന് യേശുമാത്രമാണ് യോഗ്യന്. ഈ ദിവസങ്ങളിലൊന്നില് നമ്മുടെ കര്ത്താവ് വരും. നമ്മള് എടുക്കപ്പെടും. അതിന് ശേഷം ഈ ന്യായവിധി നടക്കും.

പുസ്തകത്തിന്റെ മുദ്രപൊട്ടിക്കുക എന്നതിന്റെ മറ്റൊരര്ത്ഥം പുസ്തത്തിലെഴുതിയിക്കുന്നതിനെക്കുറിച്ച് നമുക്ക് ബോധ്യം തരിക എന്നതാണ്. മുദ്രയിടപ്പെട്ടിരിക്കുന്ന ഒരു പുസ്തകം നമുക്ക് മനസ്സിലാക്കാന് പ്രയാസമാണ്. എന്നാല് മുദ്രപൊട്ടിച്ച ഒരു പുസ്തകം നമുക്ക് മനസ്സിലാക്കുവാന് കഴിയും. യെശ. 29: 11, 12-ല്. അങ്ങനെ നിങ്ങള്ക്ക് സകല ദര്ശനവും മുദ്രയിട്ടിരിക്കുന്ന ഒരു പുസ്തകത്തിലെ വചനങ്ങള്പോലെ ആയിത്തീര്ന്നിരിക്കുന്നു. അതിനെ അക്ഷരവിദ്യയുള്ള ഒരുത്തന്റെ കയ്യില് കൊടുത്ത് ഇതൊന്നു വായിക്കേണം എന്നു പറഞ്ഞാല് അവന് എനിക്ക് വഹിയാ അതിന് മുദ്രയിട്ടിരിക്കുന്നുവല്ലോ എന്ന് പറയും. അല്ല, ആ പുസ്തകം അക്ഷരവിദ്യയില്ലാത്തവന്റെ കയ്യില് കൊടുത്തു: ഇതൊന്നു വായിക്കേണം എന്ന് പറഞ്ഞാല് അവന്: എനിക്ക് അക്ഷര വിദ്യയില്ല എന്നു പറയും. എന്താണിന്റെ കാരണം? 13-ാം വാക്യത്തില് "ഈ ജനം അടുത്തു വന്ന് വായ് കൊണ്ടും അധരം കൊണ്ടും എന്നെ ബഹുമാനിക്കുന്നു. എങ്കിലും തങ്ങളുടെ ഹൃദയത്തെ അവര് എങ്കല് നിന്ന് ദൂരത്ത് അകറ്റി വെച്ചിരിക്കുന്നു" എന്ന് വായിക്കുന്നു. യെശ. 29: 10-ല് യഹോവ ഗാഢനിദ്ര നിങ്ങളുടെമേല് പകര്ന്നു... അവന് പ്രവാചകന്മാര്ക്കും നിങ്ങളുടെ ദര്ശകരായ തലവന്മാര്ക്കും മൂടുപടം ഇട്ടിരിക്കുന്നു. യെശയ്യാവിന്റെ കാലത്ത് ഇങ്ങനെ ആയിരുന്നു. അതുകൊണ്ട് ദൈവവചനം അവര്ക്ക് മുദ്രയിട്ടൊരു പുസ്തകം പോലെ ആയിത്തീര്ന്നു.

വെളിപ്പാടു പുസ്തകം മുദ്രയിടപ്പെട്ട ഒരു പുസ്തകം അല്ല. സമയം അടുത്തിരിക്കയാല് ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത്. വെളി. 22: 10. ഹൃദയം കൊണ്ടല്ലാതെ വായ്കൊണ്ടും അധരം കൊണ്ടും ഈ പുസ്തകത്തോട് അടുത്തുവന്നാല് ഇത് അങ്ങനെയുള്ളവര്ക്ക് ഒരു മുദ്രയിടപ്പെട്ട പുസ്തകം പോലെ ആയിരിക്കും. ആകയാല് ഇനി ഭാവിയില് സംഭവിപ്പാനുള്ളത് തന്റെ ദാസന്മാര്ക്ക് തുറന്ന ഒരു പുസ്തകമായി വെളിപ്പാട് പുസ്തകം ആയിരിക്കുന്നു.

**കുഞ്ഞാടിന്റെ സ്ഥാനം നടുവില്**

1. ത്രിത്വത്തിന്റെ നടുവില്. (പിതാവ്, പുത്രന്, പരിശുദ്ധാത്മാവ്). മത്താ. 28: 19, 20.
2. ഉപദേഷ്ടാക്കന്മാരുടെ മദ്ധ്യത്തില്. ലൂക്കോസ്. 4: 44.
3. പുരുഷാരത്തിന്റെ നടുവില്. യോഹ. 1: 26.
4. ക്രൂശില് കള്ളന്മാരുടെ നടുവില്. യോഹ. 19: 18.
5. പുനരുത്ഥാന ശേഷം ശിഷ്യന്മാരുടെ നടുവില്. യോഹ. 20: 19.
6. തന്റെ നാമത്തില് കൂടിവരുന്നവരുടെ നടുവില്. മത്താ. 18: 20.
7. ഏഴു നിലവിളക്കുകളുടെ നടുവില്. വെളി. 1: 13.
8. നാലുജീവികളുടെയും മൂപ്പന്മാരുടെയും നടുവില്. വെളി. 5: 6.

കുഞ്ഞാടില് ഇപ്പോഴും ഉള്ള മുറിവേറ്റ പാടുകള് ക്രിസ്തുവിന്റെ എന്നേക്കുമുള്ള പ്രയശ്ചിത്ത ബലിയെ കാണിക്കുന്നു.